CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ജിയോ തടിക്കാട്ട്



# മാർ ജോസഫ് കരിയാറ്റി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# മാർ ജോസഫ് കരിയാററി

(സഭാചരിത്രനാടകം)

ജിയോ തടിക്കാട്ട്

No. 74

Oriental Institute of Religious Studies, India
St. Thomas Ap. Seminary, Kottayam - 686 010

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*(Malayalam)*

**MAR JOSEPH CARIATTI**

(Drama based on Church History)

*Playwright:*

**Fr. Geo Thadikkatt**
Marika P. O.
Koothattukulam 686 662

First Published: September 1984

All Rights Reserved

Copies: 1000

Price Rs. 9.50

Printed at:
Mar Mathews Press
Moovattupuzha 686 661

*Published by:*
Oriental Institute of Religious Studies
St. Thomas Apostolic Seminary
Vadavathoor - Kottayam 686 010

*Distributors:*
Deepika Book House
Sastri Road
Kottayam - 686 001

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ചരിത്രപശ്ചാത്തലം

ലോകരക്ഷകനായ ക്രിസ്തുനാഥന്റെ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി, സുവിശേഷം പ്രസംഗിച്ചു; സഭ സ്ഥാപിച്ചു. ഭാരതത്തിലെ സഭയുടെ പിതൃത്വം മാർത്തോമ്മാ ശ്ലീഹായ്ക്കാണു്. ഈ സഭ ഒരു പൗരസ്ത്യസഭയാണു്. ഈ പേരിനു് പ്രത്യേക കാരണങ്ങളുണ്ടു്. റോമാസാമ്രാജ്യം മൂന്നാം നൂററാണ്ടുവരെ ഒന്നായിരുന്നു. എന്നാൽ എ. ഡി. 293-ൽ ഡയക്ലീഷൻ ചക്രവത്തി ഭരണസൗകര്യാർത്ഥം സാമ്രാജ്യത്തെ ഇല്ലിറിക്കം, ഓറിയൻസ്, ഗാള്ളിക്ക്, ഇത്താലിയ എന്നീ നാലു പ്രവശ്യകളായി തിരിച്ചു. എ. ഡി. 395-ൽ തിയഡോഷ്യസ് ചക്രവത്തിയുടെ മരണാനന്തരം പിൻഗാമികൾ റോമാസാമ്രാജ്യത്തെ രണ്ടായി തിരിച്ചു് ഇല്ലിറിക്കം, ഓറിയൻസ് എന്നീ പ്രവശ്യകൾ പൗരസ്ത്യസാമ്രാജ്യത്തിലും ഗാള്ളിക്ക്, ഇത്താലിയ എന്നീ പ്രവശ്യകൾ പാശ്ചാത്യസാമ്രാജ്യത്തിലും ഉൾപ്പെടുത്തി ഭരണം നടത്തി. പൗരസ്ത്യറോമാസാമ്രാജ്യത്തിലോ ഇതര പൗരസ്ത്യരാജ്യങ്ങളിലോ രൂപമെടുത്തതോ അവയോടു് പ്രത്യേക രീതിയിൽ ബന്ധപ്പെട്ടതോ ആയ സഭകളാണു് 'പൗരസ്ത്യസഭകൾ' എന്നു് അറിയപ്പെടുന്നതു്. പാശ്ചാത്യസാമ്രാജ്യത്തിലെ സഭകളെ 'പാശ്ചാത്യസഭകൾ' എന്നു വിളിക്കുന്നു. അവയുടെ ഔദ്യോഗിക ഭാഷ 'ലാററിൻ' ആയിരുന്നതിനാൽ 'ലാററിൻ സഭ' എന്ന പേരിലുമറിയപ്പെടുന്നു.

ആദിമസഭ ചില പ്രത്യേക സ്ഥലങ്ങളിൽ കേന്ദ്രീകരിച്ചാണു് വളർന്നുവന്നതു്. അതു് റീത്തു് എന്ന പാശ്ചാത്യപേരിൽ പിന്നീടു് അറിയപ്പെട്ടു. റോം ഒഴിയെയുള്ള അന്ത്യോക്യൻ, അലക്സാണ്ഡ്രിയൻ, ബൈസൈന്റൻ, കൽദായ, അർമ്മേനിയൻ റീത്തുകൾ പൗരസ്ത്യസഭയിൽപ്പെട്ടതാണു്. ശിക്ഷണക്രമം, ആരാധനക്രമം, സഭാഭരണം, ആദ്ധ്യാത്മികത, കാനോനാനമസ്കാരം, തിരുവസ്ത്രങ്ങൾ, വൈദികപഞ്ചാംഗം, ആചാരങ്ങൾ, അവ പാലിക്കുന്ന ജനങ്ങൾ, നോമ്പു്, ഉപവാസം ഇവയെല്ലാമാണു് ഒരു സഭ (റീത്തു്) എന്ന വാക്കുകൊണ്ടു് അർത്ഥമാക്കുന്നതു്. ഇതു് ഓരോ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സഭക്കും വ്യത്യസ്തമാണ്. വിശുദ്ധ ലിഖിതം, വിശ്വാസം, സന്മാർഗ്ഗം, സഭാധികാരം, കൂദാശകൾ ഇവ എല്ലാ സഭകൾക്കും പൊതുവാണ്. ഇങ്ങനെയുള്ള വൈവിദ്ധ്യമാർന്ന സഭാപൈതൃകം അഭംഗുരം സംരക്ഷിക്കപ്പെടണമെന്നതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വ്യക്തമായ നിർദ്ദേശം.

## മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിതരീതി

ഭാരതത്തിലെ ക്രൈസ്തവർ മാർത്തോമ്മാശ്ലീഹായിൽനിന്നുമാണ് വിശ്വാസം സ്വീകരിച്ചത് എന്നു പറഞ്ഞുവല്ലോ. മുഖ്യമായും കേരളത്തിലാണ് ഈ ക്രൈസ്തവർ ഉണ്ടായിരുന്നത്. അവർ മലങ്കര നസ്രാണികൾ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, സുറിയാനിക്കാർ എന്നൊക്കെയാണ് അറിയപ്പെട്ടിരുന്നത്. ഇവർ മാർത്തോമ്മാശ്ലീഹായെ തങ്ങളുടെ പിതാവായി അംഗീകരിച്ചിരുന്നു, ഒരു പ്രത്യേക രീതിയിൽ ബഹുമാനിച്ചിരുന്നു. ആ പിതാവിനോടുള്ള സ്നേഹവും ബഹുമാനവും അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്ന പാരമ്പര്യങ്ങളായിരുന്നു. അവരുടെ ജീവിതരീതിയും മറ്റു സഭകളിൽനിന്നും വ്യത്യസ്തമായിരുന്നു.

സാമൂഹികവും രാഷ്ട്രീയവും സാമുദായികവുമായ തലങ്ങളിൽ സമൂഹത്തിൽ സമുന്നതമായ ഒരു സ്ഥാനമായിരുന്നു നസ്രാണികൾക്കുണ്ടായിരുന്നത്. സഭാഭരണരീതി പാശ്ചാത്യസഭയിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികൾക്ക് സ്വന്തമായി പലപ്പോഴും മെത്രാന്മാരുണ്ടായിരുന്നില്ല. തോമ്മാശ്ലീഹായിൽനിന്നുള്ള പൈതൃകം അവകാശപ്പെടുകയും സുറിയാനിഭാഷ പൊതുഭാഷയായി ഉപയോഗിക്കുകയും വാണിജ്യപരമായി വളരെയധികം ബന്ധപ്പെടുകയും സുമേറിയ-ദ്രാവിഡസംസ്കാരം സ്വന്തമാക്കുകയും ചെയ്ത പേർഷ്യൻ സഭയുമായി മാർത്തോമ്മാക്രിസ്ത്യാനികൾക്ക് വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. കൽദായറീത്ത് അവർ സ്വന്തമാക്കുകയും ചെയ്തു. അതുകൊണ്ട് പതിനാറാം നൂറ്റാണ്ടുവരെ പേർഷ്യയിൽനിന്നുള്ള മെത്രാന്മാരാണ് ഇവിടെ പലപ്പോഴും വന്നിരുന്നത്. 'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്ത' (Metropolitan of all India) എന്ന പേരിലാണ് പ്രധാന വൈദികാദ്ധ്യക്ഷൻ അറിയപ്പെടുക. പട്ടം കൊടുക്കുക, കൂദാശാനുഷ്ഠാനങ്ങൾ മുതലായവ ആഘോഷമായി നടത്തുക, ആദ്ധ്യാത്മികചൈതന്യം വളർത്തുക ഇവയിലൊതുങ്ങുന്ന മെത്രാ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്റെ കടമകൾ. സഭാഭരണം ആർച്ചുഡീക്കനിലും പള്ളിയോഗത്തിലും നിക്ഷിപ്തമായിരുന്നു.

മലങ്കരയിൽ അതിപ്രാചീനകാലം മുതൽ 'ജാതിക്കു് കർത്തവ്യനും' ഭരണകർത്താവുമായി ആർച്ചുഡീക്കന്മാരുണ്ടായിരുന്നു. വൈദികവും അവൈദികവുമായ കാര്യങ്ങളിൽ ഇവർക്കു് അസാമാന്യമായ സ്വാധീനമുണ്ടായിരുന്നു, ഈ സ്ഥാനത്തേക്കു് അവിവാഹിതരായ വൈദികരെ മാത്രമെ ഉയർത്തിയിരുന്നുള്ളൂ. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടാൽ ജീവിതകാലം മുഴുവൻ ആ സ്ഥാനം വഹിച്ചിരുന്നു. വൈദികർ, വൈദികവിദ്യാർത്ഥികൾ, സന്യാസിമാർ, അൽമായർ തുടങ്ങി സഭയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടെയുംമേൽ ആർച്ചുഡീക്കനു് അധികാരമുണ്ടായിരുന്നു.

വൈദികർ രൂപതയ്ക്കുവേണ്ടിയല്ല ഇടവകയ്ക്കുവേണ്ടിയാണു് പട്ടമേറ്റിരുന്നതു്. വിവാഹജീവിതം നയിക്കുന്നവർക്കും വൈദികപട്ടം നൽകിയിരുന്നു. ഇടവകപ്രതിനിധികൾ 'ദേശക്കുറി' നല്കി വൈദികവിദ്യാർത്ഥിയെ മെത്രാന്റെ പക്കലേക്കയയ്ക്കും. 'മല്പാന്മാരുടെ' ശിക്ഷണത്തിലായിരുന്നു അവർ വിദ്യാഭ്യാസം നടത്തിയിരുന്നതു്.

പള്ളിയുടെ ഭരണം നടത്തിയിരുന്നതു് പള്ളിയോഗമാണു്. കുടുംബത്തലവന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണിതു്, ഇടവകയിലെ പ്രായംചെന്ന വൈദികനാണു് പള്ളിയോഗത്തിന്റെ അദ്ധ്യക്ഷൻ. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റെയും മേലന്വേഷണം നടത്തിയിരുന്നു. പ്രാദേശികതാല്പര്യമുള്ള വിഷയങ്ങളെപ്പറ്റി പല ഇടവകകളുടെ പ്രതിപുരുഷന്മാർ ഒരുമിച്ചുകൂടി തീരുമാനമെടുത്തിരുന്നു. ഇതിനു പൊതുയോഗമെന്നാണു് പറയുക.

നോമ്പും ഒരുനേരവും മറ്റു തപശ്ചര്യകളും മാർത്തോമ്മാക്രിസ്ത്യാനികൾ കർശനമായി പാലിച്ചിരുന്നു ഒരുനേരദിവസം രാവിലെ കുളിച്ചു പള്ളിയിൽ പോയി ഉച്ചവരെയെങ്കിലും അവിടെ പ്രാർത്ഥനകൾ കഴിച്ചിരുന്നു. പ്രധാന നോമ്പുകൾ ക്രിസ്തുമസ്സിനുള്ള 24 ദിവസം (25 നൊയമ്പ്), ഈസ്റ്ററിനു മുമ്പുള്ള 49 ദിവസം (50 നൊയമ്പ്), അമ്പതുനോയമ്പിനു രണ്ടാഴ്ച മുമ്പുള്ള 3 ദിവസം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



വരാ: എന്തെന്തു പ്രതീക്ഷകളോടെയാണ് ആ ദിവസത്തിനായി സമുദായം മുഴുവൻ കാത്തിരുന്നതു് എന്നറിയാമോ?

കരു: നിങ്ങൾക്കുവേണ്ടി ഒരുക്കിയിരുന്ന മുത്തുക്കുടകൾ... അവ നിവന്നില്ല....

വരാ: ജയഭേരി മുഴക്കേണ്ട പള്ളിമണികളുടെ നാവുകൾ ചലിച്ചില്ല.

തര: ദിഗന്തങ്ങൾ ഭേദിക്കേണ്ട കദനാവെടികൾക്ക പകരം നാടിനെ ദുഃഖത്തിലാഴ്ത്തിയതു് .... കരിയാററി മെത്രാപ്പോലീത്തായുടെ മരണവാർത്തയായിരുന്നു. ആ ദുഃഖം ഞങ്ങൾക്ക താങ്ങാനായില്ല! .... (വിങ്ങിപ്പൊട്ടുന്നു).

പാറേ: ഞങ്ങളുടെ കപ്പൽ കൃത്യസമയത്തുതന്നെ കൊച്ചിത്തുറമുഖത്തു് എത്തി....നിങ്ങളെ ആരേയും അവിടെ കാണാതായപ്പോൾ....ഞങ്ങൾ നേരെ കൊല്ലത്തേയ്ക്കു പോയി....അവിടേയും ആരേയും കണ്ടില്ല .... അവിടെ ഇറങ്ങാമെന്നു് ഞാൻ നിർബ്ബന്ധിച്ചു പറഞ്ഞതാ....

വരാ: (ആകാംക്ഷയോടെ) എന്നിട്ടു്....

പാറേ: മെത്രാപ്പോലീത്തായ്ക്കു് ഒരേ ഒരു കാര്യമെ മനസ്സിലുണ്ടായിരുന്നുള്ളു....മാർ ദിവന്നാസ്യോസിന്റെ പുനരൈക്യം .... അതെത്രയും വേഗം നടന്നുകാണാൻ ...യാത്രാക്ലേശമൊന്നും പരിഗണിക്കാതെ...ഞങ്ങൾ ഗോവായ്ക്കുതന്നെ പോകാൻ തീരുമാനിച്ചു.

തര: അതിന്നു് ഗോവായ്ക്കു് പോകണോ?

പാറേ: ലിസ്ബണിൽവച്ചു് .... ദിവന്നാസ്യോസിനെ സ്വീകരിക്കാനുള്ള അനുവാദം .... കരിയാററി മെത്രാപ്പോലീത്തായ്ക്കു് ലഭിച്ചതാണു്. പക്ഷെ....

കരു: (ആകാംക്ഷയോടെ) പക്ഷേ....

പാറേ: കൊച്ചിമെത്രാനും കമ്മലീത്താ പാതിരിമാരും വളരെ പരാതികൾ അയച്ചു .... പ്രൊപ്പഗാന്ത അവസാനം തീരുമാനം മാററി.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വരാ: (ആകാംക്ഷയോടെ) എങ്ങനെ?

പാറേ: ഗോവമെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ ദിവന്നാസ്യോസിനെ സ്വീകരിക്കട്ടെയെന്ന്....അതുകൊണ്ടാണ് ഞങ്ങൾ ഉടനെ ഗോവയിലേയ്ക്ക് പോയത്.

തര: (ദുഃഖത്തോടെ) ആ യാത്ര ഈവിധമാവുകയും ചെയ്തു.

കരു: ഇടയ്ക്ക് അസുഖം വല്ലതും....?

പാറേ: ഗോവയിൽ എത്തുന്നതുവരെ മെത്രാപ്പോലീത്തയ്ക്ക് ഒരസുഖവുമില്ലായിരുന്നു.

വരാ: ഓ...മെത്രാപ്പോലീത്തയുടെ പെട്ടെന്നുള്ള മരണം അതെങ്ങനെ സംഭവിച്ചു?

പാറേ: (വിങ്ങിപ്പൊട്ടുന്നു) ഓ....അതുമാത്രം .... എന്നോട് ....ചോദിക്കരുത്.

തര: എങ്കിലും....

പാറേ: (അതീവദുഃഖത്തോടെ) അത്....അത്....

(രംഗം ക്രമേണ ഇരുളുന്നു. വീണ്ടും പ്രകാശം പരക്കുമ്പോൾ)

(ഗോവയിലെ കമ്മലീത്ത ആശ്രമത്തിലെ ഒരു മുറി. രംഗത്ത് ഒരു മേശ, കസേര, കട്ടിൽ. കരിയാററി കട്ടിലിൽ ക്ഷീണിച്ച് അവശനായി കിടക്കുന്നു. മെത്രാപ്പോലീത്തയുടെ വേഷം ... പുവന്ന ളോവയും പുവന്ന അരക്കെട്ടും. കട്ടിലിൽനിന്നും വളരെ വിഷമിച്ച് എഴുന്നേല്ക്കാൻ ശ്രമിക്കുന്നു).

കരി: (വളരെ ക്ഷീണിച്ച ശബ്ദം. പതുക്കെപ്പതുക്കെയുള്ള സംസാരം) ഓ .... തോമ്മാക്കത്തനാരെ .... ഒന്നു കണ്ടിരുന്നെങ്കിൽ .... (പണിപ്പെട്ട് എഴുന്നേററ് കട്ടിലിൽ ഇരിക്കുന്നു) ഓ .... എൻെറ .... ദൈവമെ .... എന്തിന്.... എന്നെ ഇങ്ങനെ പരീക്ഷിക്കുന്നു .... മലങ്കരയിലെ നസ്രാണികൾ ഒന്നാകുന്നതിന് എന്തെന്തു കഷ്ടതകൾ....ഞാൻ അനുഭവിച്ചു....പിതാവെ അവിടുത്തെ മക്കളെ....അവരെ ഐക്യത്തിൽ കാത്തുകൊള്ളണെ.

വൈദികൻ: (പുറത്തു്) (കൈ കൊട്ടുന്ന ശബ്ദം) ഏയ്...താൻ എവിടെപ്പോകുന്നു....ഓ....തന്നോടുതന്നെ....

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പാറേ: (പുറത്തു്) മെത്രാപ്പോലീത്തയുടെ അടുത്തു്...

വൈദി: (പുറത്തു്) അവിടെ പോകരുതെന്നു പറഞ്ഞിട്ടില്ലെ?

കരി: (വേദനയോടെ) തോമ്മാക്കത്തനാരല്ലെ അതു്? .... ഒന്നു....കാണണമായിരുന്നു....ഇല്ല .... ആ പാതിരിമാർ വിടില്ല....

പാറേ: (പുറത്തു്) ഞാൻ പോകും.

വൈദി: (പുറത്തു്) ഇല്ല വിടില്ല.

കരി: (ആലോചിച്ചിട്ടു്) എനിക്കിനി....അധികം സമയമില്ലെന്നു തോന്നുന്നു. (ചുരുളെടുത്തു് എന്തോ കുറിക്കുന്നു) മാർത്തോമ്മാ .... ശ്ലീഹായെ....അവിടുത്തെ....മക്കളെ ഐക്യത്തിൽ....കാത്തു....കൊള്ള....ണമെ....

പാറേ: (പുറത്തു്) ഞാൻ പോകും....എനിക്കവിടുത്തെ കാണണം....സുഖമില്ലാതെ....കിടക്കുകയല്ലെ?....

വൈദി: (പുറത്തു്) കണ്ട ഗോവമാങ്ങയെല്ലാം തിന്നു് ദീനവും പിടിപെട്ടു്....

പാറേ: (പുറത്തു്) അതുകൊണ്ടാണോ എന്നു് എനിക്കൊന്നറിയണം...മാറിനിൽക്കു....

വൈദി: (പുറത്തു്) ഇല്ല....ആരേയും വിടരുതെന്നാ ആശ്രമശ്രേഷ്ഠൻ പറഞ്ഞിരിക്കുന്നതു്....പ്രത്യേകിച്ചു്.... തന്നെ....

കരി: (വലിയ വേദനയോടെ) കർത്താവേ....എന്തെല്ലാം.... നിഗൂഢരഹസ്യങ്ങൾ...വച്ചു...എനിക്കു്...എനിക്കു് ...ആ.... (കൈകളുയർത്തി പ്രാർത്ഥനാപൂർവ്വം) കർത്താവെ... ഞാൻ .... എന്റെ ആത്മാവിനെ .... (പെട്ടെന്നു് തല ചായ്ക്കുന്നു, നിശ്ചലനാകുന്നു)

പാറേ: (പുറത്തു്) മെത്രാപ്പോലീത്തായ്ക്കു് എന്തെങ്കിലും സംഭവിച്ചാൽ....

വൈദി: (പുറത്തു്) തനിക്കു് എന്തു ചെയ്യാനാവും....അനുവാദമില്ലാതെ....ഞാൻ കടത്തിവിടില്ല....

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പാറേ: (പുറത്തു്) എന്നെ പിടിച്ചു നിറുത്താനാണോ ഭാവം ....മാറു്....മാറു്....മാറിനില്ക്കാൻ.

വൈദി: (പുറത്തു് ഒരലർച്ചയോടെ) അയ്യോ .... എൻെറ കൈയ്യ്.... (എന്തെല്ലാമോ മറിഞ്ഞുവീഴുന്ന ശബ്ദങ്ങൾ)

(പാറേമ്മാക്കൽ ഓടിക്കിതച്ചു വരുന്നതിനിടയിൽ ഒരു ഞെട്ടലോടെ ''പിതാവെ'' എന്നു വിളിച്ചുകൊണ്ടു് ശവശരീരത്തെ കെട്ടിപ്പിടിച്ചു കരയുന്നു. അല്പം കഴിഞ്ഞു് എഴുന്നേല്ക്കുന്നു.)

പാറേ: എങ്കിലും....ഞാൻ വന്നു്....എന്നോടൊരു വാക്കു് പറയുന്നതിനു മുമ്പ്....ഞങ്ങളെല്ലാവരേയും .... വിട്ടു പിരിഞ്ഞല്ലോ (വീണ്ടും ശരീരത്തിലേക്കു് വീണു കരയുന്നു.) മലങ്കരനസ്രാണികളോടു് ഞാനെന്തു സമാധാനം പറയും. (അല്പം കഴിഞ്ഞു് വീണ്ടും എഴുന്നേല്ക്കുന്നു. മുഖത്തു് ദുഃഖവും, കോപവും, ആവേശത്തോടെ ചുററും നോക്കുന്നു. ചുരുൾ കാണുന്നു. അതെടുത്തു് നിവർത്തിപ്പിടിക്കുന്നു.)

കരിയാററിയുടെ ശബ്ദം: (അകത്തു്) എൻെറ സമയമടുത്തിരിക്കുന്നു....എനിക്കു പലതും നേരിൽ പറയണമെന്നുണ്ടായിരുന്നു .... എങ്കിലും സാധിച്ചില്ല .... എൻെറ അന്തിമാഭിലാഷങ്ങൾ തോമ്മാക്കത്തനാർ നിറവേററണം .... മാർ ദിവന്നാസ്യോസ് മെത്രാച്ചനെ കത്തോലിക്കാസഭയിലേയ്ക്കു് സ്വീകരിക്കാൻ എനിക്കു സാധിച്ചില്ല .... നിങ്ങൾ അതു സാധിക്കണം .... നമ്മുടെ പൗരാണിക സുറിയാനി പാരമ്പര്യങ്ങൾ എല്ലാം വീണ്ടെടുക്കണം....നസ്രാണികൾ എല്ലാവരും കൂട്ടായ്മയിൽ വർത്തിക്കണം....ഇതിനെല്ലാം നേതൃത്വം നല്കാൻ കടനാട് പള്ളിയുടെ വികാരിയും അതേ ഇടവകയിലെ പാറേമ്മാക്കൽ കുടുംബാംഗവുമാ[യ] തോമ്മാക്കത്തനാരെ കൊടുങ്ങല്ലൂർ അതിരൂപതയു[ടെ]

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഗോവണ്ണദോറായി ഞാൻ നിയമിക്കുന്നു. എന്നു് മാർ യൗസേഫ് കരിയാററി. കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത. സെപ്തംബർ 9, 1787.

(അകത്തു് കരിയാററിയും പാറേമ്മാക്കലും തമ്മിലുള്ള ചില സംഭാഷണശകലങ്ങളുടെ ശബ്ദം അലയടിക്കുന്നു).

കരി: (അകത്തു്) തോമ്മാക്കത്തനാർ എന്നും എന്നോടൊപ്പമുണ്ടാകുമോ?....

പാറേ: (അകത്തു്) തീർച്ചയായും. എന്റെ മരണംവരെ ഞാൻ അവിടുത്തോടൊപ്പമുണ്ടാകും.

കരി: (അകത്തു്) ഞാൻ ആദ്യം മരിച്ചാൽ.

പാറേ: (അകത്തു്) അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

കരി: (അകത്തു്) സംഭവിച്ചാൽ .... ങാ....അതിനു മുമ്പ് എന്റെ പിൻഗാമിയായി .... മെത്രാപ്പോലീത്തയായി തോമ്മാക്കത്തനാരെ ഞാൻ നിയമിക്കും.

പാറേ: (അകത്തു്) മല്പാൻ തമാശകളൊക്കെ കളയൂ .... നമുക്കൊരുമിച്ചു് സഭയെ നയിക്കാം.....

(അകത്തെ സംഭാഷണശകലങ്ങൾ അവസാനിക്കുന്നു).

പാറേ: (ദൃഢമായ സ്വരത്തിൽ) അതെ പിതാവെ അങ്ങയുടെ പാവനമായ മൃതശരീരത്തിൽ തൊട്ടുകൊണ്ടു് ഞാൻ സത്യം ചെയ്യുന്നു. ഈ ദൗത്യം ഞാൻ ഏറ്റെടുക്കും. അവിടുത്തെ ജീവൻപോലും ബലികഴിക്കേണ്ടിവന്ന ആ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഞാൻ ഇതാ മുന്നോട്ടിറങ്ങുന്നു. നസ്രാണി സമുദായം മുഴുവൻ നമ്മോടൊപ്പമുണ്ടാകും.

ശബ്ദം: (അകത്തു് പലർകൂടി പറയുന്നു) ഞങ്ങൾ എന്നും അങ്ങയോടുകൂടെ (പല പ്രാവശ്യം ആവർത്തിക്കുന്നു).

(യവനിക മന്ദംമന്ദം താഴുന്നു)

ശുഭം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS